# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 15, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്

*121. ശ്രീ.എളമരം കരീം
,, സി.കെ സദാശിവൻ
,, എ. പ്രദീപ്കുമാർ
,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിച്ചെലവിന്റെ സിംഹഭാഗവും ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ചിലവഴിച്ച് വരുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത നടപടികൾ കൊണ്ട് എന്തെങ്കിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പദ്ധതികൾ അംഗീകരിച്ച് കിട്ടാൻ എടുക്കുന്ന കാലതാമസം പ്രസ്തുത സ്ഥതിവിശേഷം സൃഷ്ടിക്കുന്നതിൽ എന്ത് പങ്ക് വഹിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ഡി) ഫണ്ട് ലഭ്യമാക്കുന്നതിലെ കാലതാമസം വിനിയോഗത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

### തൊഴിലുറപ്പ് പദ്ധതി

*122. ശ്രീ.എസ്.രാജേന്ദ്രൻ

,, കെ.വി.വിജയദാസ്

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള കൂലി വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പല ജില്ലകളിലും ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥരില്ല എന്ന കാര്യം അറിയാമോ; ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ മുഴുവൻ സമയ നിർവ്വഹണ ഉദ്യോഗസ്ഥർ ഇല്ലാത്തതെന്ന് അറിയിക്കാമോ;

(ഡി) നടപ്പു സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം നൽകിയ തൊഴിൽ ദിനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

## കർഷകർക്കുള്ള ആനുകൂല്യങ്ങളുടെ ഇ-പെയ്മെന്റ്

*123. ശ്രീ.വർക്കല കഹാർ

,, കെ.അച്ചുതൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ-പെയ്മെന്റ് വഴി നൽകാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ്

*124. ശ്രീ.ആർ. രാജേഷ്

,, റ്റി.വി.രാജേഷ്

,, കെ. ദാസൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും

ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് നിലവിൽ വന്നുവോ;

(ബി) ബോർഡ് നിലവിൽ വരുന്നതോടെ നഗര-ഗ്രാമ പ്രദേശങ്ങളിലെ പദ്ധതികളുടെ ആസൂത്രണം ഈ ബോർഡിന് കീഴിൽ ആകുമോ; വിശദമാക്കുമോ;

(സി) ബോർഡിന്റെ പ്രവർത്തനം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിയെ എത്രത്തോളം നിഷ്പ്രഭമാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുന്ന അവസ്ഥ ഇതിലൂടെ സംജാതമാകുന്നുണ്ടോ ; ഇക്കാര്യം പരിശോധിക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ നിജപ്പെടുത്തുമോ, വിശദമാക്കുമോ?

<u>സമഗ്ര പച്ചക്കറി വികസന പദ്ധതികൾ</u>

*125. ശ്രീ.ഷാഫി പറമ്പിൽ

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്;

(സി) ഇത് നടപ്പാക്കാനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>പ്ലാസ്റ്റിക്ക്, ഇ-മാലിന്യ ശേഖരണം</u>

*126. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സ്നേഹ സ്പർശം പദ്ധതി</u>

*127. ശ്രീ.വി.റ്റി.ബൽറാം

,, കെ.മുരളീധരൻ

,, എ.റ്റി.ജോർജ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്നേഹ സ്പർശം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ആശ്വാസ കിരണം പദ്ധതി</u>

*128. ശ്രീ.ചിറ്റയം ഗോപകുമാർ

,, സി.ദിവാകരൻ

,, ഇ.കെ.വിജയൻ

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ മിഷന്റെ കീഴിൽ 'ആശ്വാസ കിരണം' പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പദ്ധതിയുടെ കീഴിലുള്ള അപേക്ഷകർക്കു ആശ്വാസ ധനം നൽകുന്നുണ്ടോ; ധനസഹായത്തിനുള്ള അപേക്ഷകൾ വിവിധ ജില്ലകളിൽ തീരുമാനമാകാതെ അവശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആശ്വാസധനമായി പ്രതിമാസം തുക നല്കുന്നതിന് കുടിശ്ശികയുണ്ടോ; കുടിശ്ശിക സംബന്ധിച്ചുള്ള വിവരം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനും ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>മാലിന്യങ്ങളിൽ നിന്നും ഗ്യാസ് പ്ലാന്റുകൾ</u>

*129. ശ്രീ.ഹൈബി ഈഡൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യങ്ങളിൽ നിന്നും കംപ്രസ്ഡ് നാച്ചറൽ ഗ്യാസ് ഉല്പാദിപ്പിക്കാൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ</u>

*130. ശ്രീ.രാജു എബ്രഹാം

,, എം.ചന്ദ്രൻ

,, എ.എം. ആരിഫ്

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലുമുള്ള ആസൂത്രണ സമിതികളുടെ പങ്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനങ്ങളിലെ എറ്റക്കുറച്ചിലുകൾ വിലയിരുത്താമോ;

(സി) ജില്ലാ പദ്ധതികളുടെ അംഗീകാരം ജില്ലാ കളക്ടർമാരിലും ഉദ്യോഗസ്ഥരിലും കേന്ദ്രീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

<u>കാർഷികോല്പന്നങ്ങളുടെ സംഭരണം</u>

*131. ശ്രീ.എ.കെ.ബാലൻ

,, ഇ.പി.ജയരാജൻ

,, ജെയിംസ് മാത്യു

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും

അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന ഘട്ടങ്ങളിൽ സർക്കാർ തലത്തിലുള്ള സംഭരണം സംബന്ധിച്ച നിലപാട് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവാണ് കർഷകരെ ഏറെ പ്രതിസന്ധിയിലാക്കിയതെന്നറിയിക്കാമോ;

(സി) പ്രസ്തുത കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; അവ ഫലവത്തായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംഭരണത്തിനായി വിവിധ ഘട്ടങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ഇ) പ്രമുഖ കാർഷിക ഉല്പന്നങ്ങളുടെ ശരാശരി വാർഷിക ഉല്പാദനവും സംഭരണ ലക്ഷ്യവും സംഭരണത്തിനുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ വിശദമാക്കാമോ?

<u>പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ</u>

*132. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എസ്.രാജേന്ദ്രൻ

**,,** കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിലുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത ഉത്തരവിൽ ഉള്ളത് എന്നറിയിക്കാമോ;

(സി) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്ന വേളയിൽ പുതിയ ഭരണ സമിതികൾക്ക് ഈ മേഖലയിലുള്ള പരിചയക്കുറവ് കണക്കിലെടുത്തിരുന്നുവോ;

(ഡി) പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും ആക്ഷേപങ്ങളും പരാതികളും ലഭിച്ചിട്ടുണ്ടോ?

<u>നേഴ്സുമാരുടെ റിക്രൂട്ട്മെന്റ്</u>

*133. ശ്രീ.ജോസഫ് വാഴയ്ക്കൻ

**,,** കെ.മുരളീധരൻ

**,,** പി.സി വിഷ്ണുനാഥ്

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കർഷക ആത്മഹത്യകൾ

*134. ശ്രീ.ജി.സുധാകരൻ

,, പി.ശ്രീരാമകൃഷ്ണൻ

,, സി.കൃഷ്ണൻ

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം നടന്ന കർഷക ആത്മഹത്യകളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് മൂലം വായ്പാ തിരിച്ചടവ് ശേഷി നഷ്ടപ്പെടുന്നതാണ് കർഷക ആത്മഹത്യകൾക്ക് കാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; അവ ഫലം കണ്ടുവോ;

(ഡി) കാർഷിക ഉല്പന്നങ്ങളുടെ സംഭരണം ഊർജ്ജിതപ്പെടുത്തി വിലയിടിവ് തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിലയിടിവ് തടയുന്നതിനായി ഈ നടപടികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

## നെൽകൃഷി വികസന പദ്ധതി

*135. ശ്രീ.മുല്ലക്കര രത്നാകരൻ

,, പി.തിലോത്തമൻ

,, ഇ.ചന്ദ്രശേഖരൻ

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് നെല്ലുല്പാദനം കുറഞ്ഞു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന്

വ്യക്തമാക്കുമോ;

(ബി) സുസ്ഥിരവും സമഗ്രവുമായ നെൽകൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) കൃഷി ഭവനുകൾ തയ്യാറാക്കിയ കരട് ഡേറ്റാ പ്രകാരം എത്ര ഹെക്ടർ തരിശ് നിലമുണ്ട്; ഇവ കൃഷിയോഗ്യമാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

## സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്സെബിലിറ്റി

*136. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈകല്യ നിവാരണത്തിന് സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്സെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

## പുതിയ നഗരസഭകൾ

*137. ശ്രീ.റ്റി.വി.രാജേഷ്

,, എസ്.ശർമ്മ

,, പി.ശ്രീരാമകൃഷ്ണൻ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നഗരസഭകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം നഗരസഭകൾക്ക് പ്രവർത്തന ഫണ്ട് നൽകിയിട്ടുണ്ടോ; സാമ്പത്തിക പ്രതിസന്ധി ഫണ്ട് ലഭ്യതയെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിഭജിക്കപ്പെട്ട നഗരസഭകളുടെ ആസ്തി വീതം വെയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് പാലിച്ചാണോ ആസ്തികൾ വീതം വെച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഇത്തരം നഗരസഭകളിൽ അധിക ജീവനക്കാരുടെ ആവശ്യകത പരിഗണിച്ച്

തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ?

<u>കർഷകരുടെ രജിസ്ട്രേഷൻ</u>

*138. ശ്രീ.സി.പി.മുഹമ്മദ്

,, അൻവർ സാദത്ത്

,, പി.എ.മാധവൻ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷകരുടെ രജിസ്ട്രേഷന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ</u>

*139. ശ്രീ.കെ.അച്ചുതൻ

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>തൊഴിലുറപ്പ് പദ്ധതി</u>

*140. ശ്രീ.റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പിന്തുണ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം യഥാസമയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പച്ചത്തേങ്ങ സംഭരണ പദ്ധതി

*141. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരണത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

## ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത

*142. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, കോടിയേരി ബാലകൃഷ്ണൻ

ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത എണ്ണയുടെ വിലയിടിവിനെത്തുടർന്നുള്ള ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക അസ്ഥിരത, പ്രവാസികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയത് പ്രവാസികൾ മടങ്ങിവരുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പലകാരണങ്ങളാൽ നാട്ടിലേക്ക് മടങ്ങിവന്ന പ്രവാസികളുടെ ക്ഷേമത്തിനായി ഇതുവരെയായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പദ്ധതിനടത്തിപ്പിലൂടെ ലക്ഷ്യങ്ങൾ നേടാനായോ എന്നറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതികൾക്കായിഎന്തു തുക നീക്കിവെച്ചിരുന്നുവെന്നും അതിൽ എന്ത് തുക

ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കാർഷിക വിളകളുടെ വിലത്തകർച്ച

*143. ശ്രീ.പി.കെ.ഗുരുദാസൻ

,, ബി.സത്യൻ

,, ബി.ഡി. ദേവസ്സി

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലത്തകർച്ച കർഷകരുടെ വായ്പാ തിരിച്ചടവിനെ എതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വിലത്തകർച്ചമൂലം കർഷകരുടെ വായ്പാ തിരിച്ചടവ് ശേഷി നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പാ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ മുൻകൈ എടുക്കുമോ?

കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ

*144. ശ്രീ.സാജു പോൾ

,, എം.എ.ബേബി

,, ആർ. രാജേഷ്

,, എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവ് ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ പ്രതിസന്ധി മറികടക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ ഈ പ്രതിസന്ധിക്ക് എങ്ങനെ പരിഹാരം ആകുമെന്ന് വിശദമാക്കാമോ?

## കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

*145. ശ്രീ.കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഗ്രാമ പ്രദേശങ്ങളിലെ ജല ലഭ്യത

*146. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, സി.മമ്മൂട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിൽ വരുന്ന വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്തൊക്കെ മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ചില ജില്ലകളിൽ ലഭിച്ച അധിക മഴ ജലം, വേനൽക്കാല ജല ലഭ്യതയ്ക്ക് മുതൽക്കൂട്ടാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്വാഭാവിക ജല സംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതു കിണറുകൾ, ഉറവകൾ, തോടുകൾ തുടങ്ങിയവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളും, നടപ്പാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം നൽകുമോ?

## മാലിന്യ നിർമ്മാർജ്ജന പദ്ധതി

*147. ശ്രീ.ബാബു എം. പാലിശ്ശേരി

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.വി.ശിവൻകുട്ടി

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രഖ്യാപിച്ച മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തവ ഏതെല്ലാമെന്നറിയിക്കാമോ ; പിൻവലിച്ചിട്ടില്ലാത്ത ബജറ്റ് വിഹിതങ്ങൾ എത്ര വീതം ;

(ബി) മാലിന്യ നിർമ്മാർജ്ജന യജ്ഞം പരാജയമാകാനിടയായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ അറിയിക്കുമോ; സർക്കാർ പ്രഖ്യാപിച്ച ഏതൊക്കെ വൻകിട പദ്ധതികൾ പൂർണ്ണ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ ;

(ഡി) മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിന് പൂർണ്ണ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ ?

## മാലിന്യ നിർമ്മാർജ്ജന പദ്ധതി

*148. ശ്രീ.സി.മമ്മൂട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നഗരസഭകൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം നല്കിയ തുകയുടെ വിനിയോഗം സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; അവ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി തുക വിനിയോഗിച്ചതിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

<u>കാർഷിക വിളകളുടെ സംഭരണ നടപടികൾ</u>

*149. ശ്രീ.എം.എ.ബേബി

,, ജി.സുധാകരൻ

,, കെ.വി.വിജയദാസ്

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലയിടിവ് തടയുന്നതിൽ സർക്കാർ തലത്തിലുള്ള സംഭരണ നടപടികൾ വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ചിട്ടുള്ള സംഭരണ നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇവ ഓരോന്നും പ്രഖ്യാപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; പ്രസ്തുത സാഹചര്യങ്ങൾക്ക് അയവുവരുത്താൻ പ്രസ്തുത നടപടികൾ കൊണ്ട് സാധിച്ചുവോ;

(ഡി) സംഭരണ നടപടികൾ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടും വിലയിടിവ് തടയാൻ കഴിയാതിരുന്ന വിളകളുടെ വിശദാംശങ്ങൾ നല്കാമോ?

<u>നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം -വിധവകൾക്കുള്ള ആനുകൂല്യങ്ങൾ</u>

*150. ശ്രീമതി.കെ.എസ്.സലീഖ

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരം വിധവകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയോ ;

(ബി) ഇതു സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) ഭർത്താവ് മരിച്ചാൽ കിട്ടുന്ന അടിയന്തിര ധനസഹായം ബി.പി.എൽ. കാർക്ക് മാത്രമാക്കിയുള്ള നിർദ്ദേശം ഈ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ആയത് സാധാരണകാർക്കുണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
06-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].